പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 1729 — 14.12.2012- ൽ മറുപടിയ്ക്ക്

## കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി

**ചോദ്യം**

ശ്രീ. ലൂഡി ലൂയിസ്

,, അൻവർ സാദത്ത്

,, എ. റ്റി. ജോർജ്

,, വർക്കല കഹാർ

**ഉത്തരം**

ഡോ. എം.കെ. മുനീർ

( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ രണ്ട് ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനം ഉള്ള കുടുംബങ്ങളിലെ 5 വയസ്സു വരെ പ്രായപരിധിയിലുള്ള ബധിരരും മൂകരുമായ കുട്ടികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുക. പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ആനുകൂല്യത്തിന് അർഹരാണെന്ന് റീജിയണൽ ടെക്നിക്കൽ കമ്മറ്റി/സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്യുന്ന കുട്ടികൾക്ക് എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ മുഖേന കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ടു വർഷം നീണ്ടു നിൽക്കുന്ന ആഡിയോ വെർബൽ |

| | | | |
|---|---|---|---|
| | | | ഹബിലിറ്റേഷൻ മുഖേന കുട്ടികളുടെ ശ്രവണശേഷി വീണ്ടെടുക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. |
| (ബി) | ഏതെല്ലാം വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സാമൂഹ്യ നീതി വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, എംപാനൽ ചെയ്യപ്പെട്ട സർക്കാർ/പ്രൈവറ്റ് ആശുപത്രികൾ ഇംപ്ലാന്റ് സപ്ലൈ ചെയ്യുന്ന ഇംപ്ലാന്റ് കമ്പനികൾ എന്നിവയുടെ സഹകരണത്തോടു കൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.<br>ശ്രുതിതരംഗം പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുള്ള കുട്ടികളെ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരം തിരഞ്ഞെടുക്കുന്ന മുറയ്ക്ക് രക്ഷകർത്താവിന്റെ ഇഷ്ടാനുസരണം തിരഞ്ഞെടുക്കുന്ന ആശുപത്രിയിൽ സർജറി നടത്തുവാനായി കുട്ടിയുടെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ചുള്ള ലിസ്റ്റ് ബന്ധപ്പെട്ട എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾക്ക് അയച്ചുകൊടുക്കുകയാണ് ചെയ്തുവരുന്നത്. കുട്ടികളുടെ സർജറി നടത്തുവാനാവശ്യമായ ഇംപ്ലാന്റുകളും ഇംപ്ലാന്റ് സപ്ലൈ ചെയ്യുന്ന കമ്പനികളിൽ നിന്നും ബന്ധപ്പെട്ട ആശുപത്രികൾക്ക് നേരിട്ട് എത്തിച്ചാണ് സർജറി നടത്തുന്നത്. |

| | | | |
|---|---|---|---|
| (സി) | ബധിര-മൂകരായ കുട്ടികൾക്ക് ശ്രവണശേഷി ലഭിക്കുന്നതിനുള്ള ചികിത്സാ ധനസഹായം ഇതു വരെ എത്ര പേർക്ക് നൽകിയിട്ടുണ്ട്; | (സി) | ധനസഹായം നേരിട്ടു നൽകുന്നില്ല. 80 സർജറികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി അനുസരിച്ച് ചികിത്സയ്ക്ക് സർക്കാർ വഹിക്കുന്ന ചെലവ് എത്ര; വിശദാംശങ്ങൾ എന്തെല്ലാമാണ്? | (ഡി) | ശ്രുതിതരംഗം പദ്ധതി പ്രകാരം കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയ്ക്കുവേണ്ടി ഒരു കുട്ടിയ്ക്ക് സർജറി നടത്തുവാനായി 4,56,521/- രൂപ വിലയുള്ള കോക്ലിയർ ഇംപ്ലാന്റ് ബന്ധപ്പെട്ട ആശുപത്രികൾക്ക് നൽകുകയും അതിനുശേഷം മാപ്പിംഗിനും രണ്ടു വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനുമായി 50,000/- രൂപയുമാണ് അനുവദിക്കുന്നത്. പ്രസ്തുത 50,000/- രൂപ 4 ഗഡുക്കളായാണ് അനുവദിക്കുന്നത്. മാപ്പിംഗിനുശേഷം ആശുപത്രികളിൽ നിന്ന് റിപ്പോർട്ടും പ്രൊഡക്ട് രജിസ്ട്രേഷന്റെ കോപ്പിയും ലഭിച്ച ശേഷം 20,000/- രൂപയും കുട്ടിയുടെ Follow up Report - കൾ ലഭിക്കുന്ന മുറയ്ക്ക് 6 മാസം കൂടുമ്പോൾ 10,000/- രൂപ വീതം ആഡിറ്ററി വെർബൽ തെറാപ്പിയ്ക്കായി ആശുപത്രികൾക്ക് നൽകുകയും ചെയ്യുന്നു. |

(signature)

സെക്ഷൻ ഓഫീസർ